## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: **5692**

**02.07.2014** ൽ മറുപടിക്ക്

**എഫ്.എം.പി. പദ്ധതിയിൽ ഉൾപ്പെടുത്തിയുള്ള പാടശേഖരങ്ങളുടെ നിർമ്മാണം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. തോമസ് ചാണ്ടി | | ശ്രീ.പി.ജെ.ജോസഫ് (ജലവിഭവവകുപ്പ് മന്ത്രി) | |
| (എ) | കുട്ടനാട് പാക്കേജിലെ എഫ്. എം.പി. പദ്ധതിയിൽ ഉൾപ്പെടുത്തി 397 പാടശേഖരങ്ങൾ ടെൻഡർ ചെയ്തതിൽ ഏതെല്ലാം പാടശേഖരങ്ങളുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ടെന്നത് സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കുമോ; | (എ) | കുട്ടനാട് താലൂക്കിൽ പെട്ട 397 പാടശേഖരങ്ങൾ ടെൻഡർ ചെയ്തതിൽ എടത്വ പഞ്ചായത്തിലെ 3 പാടശേഖരങ്ങളുടെയും നീലംപേരൂർ പഞ്ചായത്തിലെ 3 പാടശേഖരങ്ങളുടേയും നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. ആയവ ചുവടെ ചേർക്കുന്നു.<br><br>എടത്വ പഞ്ചായത്ത്<br>1. തെങ്ങറ പച്ച<br>2. മുക്കോടി വടക്ക്<br>3. പൊട്ടാടി വടക്ക്<br><br>നീലംപേരൂർ പഞ്ചായത്ത്<br>1. മണ്ഡപം<br>2. കണ്ണൻകരി<br>3. ഇരവുകരി കളർകോട് |
| (ബി) | പ്രസ്തുത പദ്ധതിയിൽ ഏതെല്ലാം പ്രവൃത്തികൾ റീടെൻഡർ ചെയ്തിട്ടും കരാറുകാർ ഏറ്റെടുത്തിട്ടില്ലെന്ന് വിശദമാക്കാമോ; | (ബി) | 299 പാടശേഖരങ്ങളുടെ പ്രവൃത്തികൾക്ക് റീടെൻഡർ ചെയ്തിട്ടും കരാറുകാർ ഏറ്റെടുത്തിട്ടില്ല. മേൽപ്പറഞ്ഞ പാടശേഖരങ്ങളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു. |
| (സി) | കരാറുകാർ ഏറ്റെടുത്ത പ്രവൃത്തികൾക്ക് അധിക നിരക്കിലുള്ള ടെൻഡറുകൾ അനുവദിക്കുന്നതിനു വേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കുമോ ? | (സി) | അധിക നിരക്ക് ക്വോട്ട് ചെയ്ത കരാറുകാരുടെ ടെൻഡറുകൾ സർക്കാർ പരിശോധിച്ചുവരുന്നു. |

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**

സെക്ഷൻ ഓഫീസർ